മിനിഞ്ഞാന്ന് ഇറങ്ങിയ പത്രത്തിൽ വന്നതാണ്. ഈ സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നമുക്കാവശ്യമായ ഗോതമ്പ് കേന്ദ്രം തരാമെന്ന് പറഞ്ഞിട്ടുണ്ട്. ആ ഗോതമ്പ് ഗുണനിലവാര മുള്ളതാണെങ്കിൽ സ്വീകരിക്കാം. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വെളുത്ത ഗോതമ്പാണ് ആവശ്യം. ചുമന്ന ഗോതമ്പ് ആവശ്യമില്ല. ചുമന്ന ഗോതമ്പാണ് കേന്ദ്രം തരുന്നത്. വെള്ള ഗോതമ്പ് ഇപ്പോൾ തരുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി..... നോട്ട് ഇൻ ദി സീറ്റ്

ശ്രീ. കെ. പി. മോഹനൻ : സർ, ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. തലശ്ശേരി എഫ്.സി.ഐ. മുഴുപ്പിലങ്ങാട് ഡിപ്പോയിലെ തൊഴിൽപ്രശ്നം കാരണം അവിടെ ഉച്ചക്കഞ്ഞിക്ക് അരിയെടുക്കാൻ സാധിക്കുന്നില്ല. ഇതിലിട പെട്ടുകൊണ്ട് പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, അവിടത്തെ തൊഴിൽപ്രശ്നത്തിൽ അടിയന്തിരമായി ഇടപെടാൻ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. അടുത്ത ദിവസം മുതൽ ആ കുഴപ്പം ഉണ്ടാകുകയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്വാശ്രയ സംഘങ്ങളുടെ സഹകരണത്തോടെ മാവേലി ഹോട്ടലുകൾ

6 (*456) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ.എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യായവിലയ്ക്ക് ഭക്ഷണ സാധനങ്ങൾ നല്കാൻ സംസ്ഥാനത്തുട നീളം മാവേലി ഹോട്ടലുകൾ തുടങ്ങാനുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തൊക്കെയായിരുന്നു ;

(ബി) ഈ പദ്ധതി വിജയകരമായി പ്രാവർത്തികമാക്കാൻ എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകളാണ് ഉണ്ടായത് എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ന്യായവിലയ്ക്ക് ഊണും മറ്റ് ഭക്ഷ്യ വസ്തുക്കളും നൽകുന്നതിന് സ്വാശ്രയ സംഘങ്ങളുടെ സഹകരണ ത്തോടെ പുതിയ സംരംഭത്തിന് രൂപം നല്കുമോ ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതൊക്കെ സ്വാശ്രയ സംഘങ്ങളാണ് ഇത്തരത്തിൽ സർക്കാർ സബ്സിഡിയോടെ ജനകീയ ഭക്ഷണ കേന്ദ്രങ്ങൾ തുടങ്ങാൻ സന്നദ്ധമായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽനിന്നും നൽകുന്ന ഭക്ഷണ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും തുടക്കമെന്ന നിലയിൽ കുറഞ്ഞത് 10 മാവേലി ഹോട്ടൽ വീതം ആരംഭിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 52 മാവേലി ഹോട്ടലുകൾ ഇപ്പോൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

(ബി) പലരും സന്നദ്ധരായി മുന്നോട്ടു വരുന്നില്ല എന്ന പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. എന്നാലും പദ്ധതി വിജയകരമായി നടപ്പിലാക്കി വരികയാണ്. സപ്ലൈകോയിൽനിന്നും സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുകയും ആയതിനായി അധികമായി 5 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സ്വാശ്രയ സംഘങ്ങൾ ഒന്നുംതന്നെ മാവേലി ഹോട്ടലുകൾ പ്രവർത്തിപ്പിക്കുന്നില്ല.

(ഡി) ഇത്തരം സ്വാശ്രയ സംഘങ്ങൾ മാവേലി ഹോട്ടലുകൾ തുടങ്ങാൻ സന്നദ്ധമായി മുന്നോട്ടുവന്നാൽ ആയതിനുള്ള എല്ലാ പ്രോൽസാഹനങ്ങളും നൽകുന്നതാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

തടിലേലം സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

7 (*457) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ;

(ബി) തടിലേല നടപടികൾ സുതാര്യമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ലേല തുക അടയ്ക്കുന്നതിനുള്ള സമയപരിധി, ലേലം ചെയ്യുന്ന തടിയെ സംബന്ധിച്ച വിവരങ്ങൾ എന്നിവ മുൻകൂട്ടി പ്രസിദ്ധം ചെയ്യുമോ ;

LIBRARY ARCHIVES Kerala Legislative Assembly